(ബി) സർക്കാർ ഡയറിയിൽ സ്വകാര്യ റിസോർട്ടുകളുടെ ടെലഫോൺ നമ്പറുകൾ ഉൾപ്പെടുത്താറില്ല.

## സർക്കാർ ധനസഹായ വിതരണത്തിൽനിന്ന് ജനപ്രതിനിധികളെ വിലക്കിയുള്ള ഉത്തരവ്

**28 (2844)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ധനസഹായ വിതരണത്തിൽ നിന്ന് ജനപ്രതിനിധികളെ വിലക്കിക്കൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് ഇറക്കിയതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000 (അമ്പതിനായിരം രൂപ) രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന കേസ്സുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ./എം.പി. മാർ മുഖാന്തരമാണ് വിതരണം ചെയ്തുവന്നിരുന്നത്.

ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം കണക്കിലെടുത്ത് തുക വിതരണം ചെയ്തുവന്നിരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പോലും തുക അനുവദിച്ച് മാസങ്ങൾക്കുശേഷംമാത്രമേ അപേക്ഷകന് തുക ലഭ്യമാകുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ടി ധനസഹായം ജനപ്രതിനിധികൾ മുഖാന്തരം വിതരണം ചെയ്താൽ മതി എന്ന നിർദ്ദേശം 29-4-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2248/15/ റവന്യൂ പ്രകാരം പിൻവലിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സർക്കാർ ഓഫീസുകൾ ലഹരിമുക്തമാക്കാൻ നടപടി

**29 (2845)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാർ ജീവനക്കാർ ജോലി സമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ജോലി സമയത്ത് ലഹരി ഉപയോഗിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ ആലോചനയുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർ ജോലിസമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത നിർദ്ദേങ്ങൾ പാലിക്കാത്ത ജീവനക്കാർക്കെതിരെ 1960-ലെ KCS (CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ സർക്കാർ ഡ്രൈവർമാർ ലഹരി പദാർത്ഥം ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി സസ്പെന്റ് ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം സർക്കുലർ മുഖേന എല്ലാ വകുപ്പുമേധാവികളേയും അറിയിച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്ക്**

**30 (2846)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരും അധ്യാപകരും അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പണിമുടക്കിന് കാരണമായി ഉന്നയിക്കുന്ന ഡിമാന്റുകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ആവശ്യങ്ങളിൽ ഓരോന്നിലുമുള്ള നിലപാട് പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly